(ഇ) പ്രസ്തുത ജീവനക്കാർക്ക് ഗ്രേഡ് പ്രൊമോഷൻ ലഭിക്കുന്നതിന് അർഹതയുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(എഫ്) 18-11-2008-ലെ 79/08/ഫിൻ. സർക്കുലർ പ്രകാരം എത്രപേർക്ക് റേഷ്യോ പ്രൊമോഷൻ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉത്തരവായിട്ടുണ്ട്. സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 14-11-1995-ലെ സർക്കാർ ഉത്തരവ് (പി)നമ്പർ817/95(58) ഫിൻ. പ്രകാരം 1:2 എന്ന അനുപാതത്തിൽ ക്ലാസ്-4 ജീവനക്കാർക്ക് നൽകിയ ഗ്രേഡ് പ്രൊമോഷന്റെ ആനുകൂല്യം നിഷേധിച്ചിട്ടില്ല.

(ഡി) ക്ലാസ്-4 വിഭാഗത്തിലെ അറ്റന്റന്റ്മാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി റേഷ്യോ പ്രൊമോഷൻ നൽകിവരുന്നത് അതാത് ജില്ലാ മൃഗസംരക്ഷണ ആഫീസർമാരാണ്. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിലെ അറ്റന്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി റേഷ്യോ പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ ആലപ്പുഴ ജില്ല മൃഗസംരക്ഷണ ആഫീസർ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) പ്രസ്തുത ജീവനക്കാർക്ക് 1-1-2001 നിലവച്ച് റേഷ്യോ പ്രൊമോഷന് അർഹതയുണ്ട്.

(എഫ്) മൃഗസംരക്ഷണ വകുപ്പിലെ പ്യൂൺ/നൈറ്റ് വാച്ചർ എന്നീ വിഭാഗത്തിൽപ്പെട്ടവരുടെ 1-1-2007 നിലവച്ചുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി 134 പേർക്ക് റേഷ്യോ പ്രൊമോഷൻ നൽകിയിട്ടുണ്ട്.

മാരിടൈം ബോർഡ് രൂപീകരണം

144 (158) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തുറമുഖ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി ഏതൊക്കെ ഏജൻസികളുടെ സഹകരണം തേടുമെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ തുറമുഖ വികസനത്തിനായി നിക്ഷേപകരെ ആകർഷിക്കുന്നതിന് ഒരു തുറമുഖ വ്യവസായ സംഗമം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് തുറമുഖ വികസന പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഒരു മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനായുള്ള കരട് ബില്ല് 2009 വർഷംതന്നെ തുറമുഖവകുപ്പ് തയ്യാറാക്കുകയും ആയത് സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ചശേഷം 2010-ൽ മന്ത്രിസഭയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ കേരളാ മാരിടൈം ബോർഡ് ബിൽ നിയമസഭയുടെ പരിഗണനയിലാണ്.

(ബി) ആദ്യഘട്ടത്തിൽ കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്, തുറമുഖവകുപ്പ് എന്നിവ സംയോജിപ്പിച്ചാണ് കേരളാ മാരിടൈം ബോർഡ് രൂപീകരിക്കുന്നത്. അതോടൊപ്പം കേന്ദ്ര മാരിടൈം ഏജൻസികളായ കോസ്റ്റ് ഗാർഡ്, നേവി, ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് എന്നീ സ്ഥാപനങ്ങളുടെ സഹകരണം ആദ്യഘട്ടത്തിൽ പ്രതീക്ഷിക്കുന്നു.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തുറമുഖ വികസനത്തിന് നിക്ഷേപകരെ ആകർഷിക്കുന്നതിനായി ഗ്ലോബൽ ഇൻവസ്റ്റേഴ്സ് മീറ്റിംഗ്, മാരിടൈം ബിസിനസ്സ് കോൺക്ലേവ് എന്നിവ 2010 നവംബറിൽ CII-യുമായി ചേർന്ന് സംഘടിപ്പിച്ചിരുന്നു.

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനം

145 (159) ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എൻ. ശക്തൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പിലാക്കിയെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി അനുവദിച്ച 450 കോടി രൂപയിൽ എത്ര തുക ഇതുവരെ ചെലവഴിക്കാനായി എന്ന് വെളിപ്പെടുത്തുമോ ;

(സി) അടിസ്ഥാന സൗകര്യ വികസനത്തിനായി ഫാസ്റ്റ് ട്രാക്ക് രീതിയിൽ എത്ര ഏക്കർ സ്ഥലം ഇതുവരെ ഏറ്റെടുക്കാനായി ; ഈ ആവശ്യത്തിന് ഇനിയും എത്ര ഏക്കർ സ്ഥലംകൂടി വേണ്ടിവരും ;

(ഡി) തുറമുഖ ഭാഗത്തേക്കുള്ള റെയിൽവേ കണക്റ്റിവിറ്റി ഏർപ്പെടുത്തുന്നതിന് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(ഇ) ഇവിടത്തെ വൈദ്യുതി ലഭ്യതയ്ക്കായി നിലവിലുള്ള 66 കെ.വി. ലൈൻ 220 കെ.വി. ലൈനായി മാറ്റാനുള്ള പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണ് ;

LIBRARY ARCHIVES Kerala Legislative Assembly